I/184820/2024

**സീനിയർ അഡ്മിനിസ്ട്രേറ്റിവ് ഓഫീസറുടെ നടപടിക്രമം**
**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.**
**(ഹാജർ: ബീന പി എസ്)**

വിഷയം:- കൃഷി വകുപ്പ് ജീവനക്കാര്യം- 01/01/2018 മുതൽ 31/12/2020 വരെ എൽ ഡി ടൈപ്പിസ്റ്റ്/ ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചത് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു

പരാമർശം :- 1) 11/07/2022 ലെ ഇതേ നമ്പർ ഉത്തരവ്

2) 18/10/2023 തീയതിയിലെ മലപ്പുറം പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ നമ്പർ കത്ത്

3) സർക്കാർ ഉത്തരവ് നമ്പർ 9/2023/P&ARD തീയതി 3/7/23.

**ഉത്തരവ് നമ്പർ ADFW/1203/2021-SA2 തീയതി . 22-02-2024**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ 01/01/2018 മുതൽ 31/12/2020 വരെ എൽ ഡി ടൈപ്പിസ്റ്റ്/ ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ലിസ്റ്റിൽ ക്രമ നമ്പർ 25 ആയിട്ടുള്ള മലപ്പുറം പ്രിൻസിപ്പൽ കൃഷി ഓഫീസിലെ എൽ ഡി ടൈപ്പിസ്റ്റ് ശ്രീമതി ഷമീമ കെ പി, മലപ്പുറം ജില്ലാ പി എസ് സി ഓഫീസറുടെ MR I(1)868/15-16 dated 05/10/2019എന്ന നിയമന ശുപാർശ പ്രകാരം മലപ്പുറം തിരൂർ ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ കോടതിയിൽ ടൈപ്പിസ്റ്റ് തസ്തികയിൽ 04/12/2019 മുതൽ സേവനത്തിലിരിക്കെ പ്രസ്തുത വകുപ്പിൽ നിന്നും 30/06/2020 പ്രാബല്യത്തിൽ thrown ഔട്ട് ആകുകയും തുടർന്ന് മലപ്പുറം ജില്ലാ പി എസ് സി ഓഫീസറുടെ MR I(1)868/15-16 dated 06/07/2020 നമ്പർ നിയമന ശിപാർശ പ്രകാരം കൃഷി വകുപ്പിൽ മലപ്പുറം ജില്ലയിലേക്ക് ശിപാർശ ചെയ്യുകയും 12/08/2020 മുതൽ മലപ്പുറം പ്രിൻസിപ്പൽ കൃഷി ഓഫീസിൽ എൽ ഡി ടൈപ്പിസ്റ്റ് തസ്തികയിൽ സേവനത്തിൽ തുടരുന്നയാളെന്നും ആയതിനാൽ ടിയാളുടെ സീനിയോറിറ്റി പരാമർശം 3 ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആദ്യ നിയമന ശുപാർശ തീയതിയായ 05/10/2019 മുതൽ പുനഃസ്ഥാപിച്ച് നൽകണമെന്നും പരാമർശം 2 പ്രകാരം മലപ്പുറം പ്രിൻസിപ്പൽ കൃഷി ഓഫീസർ അഭ്യർഥിച്ചിരിക്കുന്നു.

വിഷയം വിശദമായി പരിശോധിച്ചു. പൊതു റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശുപാർശ നടത്തി നിയമിച്ച ഉദ്യോഗസ്ഥനെ ടി വകുപ്പിൽ ഒഴിവില്ലാത്തത് കാരണം വിടുതൽ ചെയ്യുകയും വീണ്ടും പി എസ് സി അഡൈ്വസ് പ്രകാരം മറ്റൊരു വകുപ്പിലേക്ക് പുനർ നിയമനം നടത്തുകയും ചെയ്താൽ അയാളുടെ സീനിയോറിറ്റി ആദ്യ നിയമന ശുപാർശ തീയതി മുതലാണ് കണക്കാക്കേണ്ടത് എന്ന് പരാമർശം 3 പ്രകാരമുള്ള സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീമതി ഷമീമ കെ പി എൽ ഡി ടൈപ്പിസ്റ്റിന്റെ സീനിയോറിറ്റി ടിയാളുടെ ആദ്യ നിയമന ശുപാർശ തീയതിയായ 05/10/2019 പ്രാബല്യത്തിൽ പുനഃസ്ഥാപിച്ചുകൊണ്ടും പരാമർശം 1 പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ ടിയാളുടെ ക്രമ നമ്പർ 25 എന്നത് 23 ആയി ഉയർത്തിയും തുടർന്ന് ശ്രീമതി ദീപ പി എസ്, എൽ ഡി ടൈപ്പിസ്റ്റ്, ശ്രീമതി ദീപ ജി ,എൽ ഡി ടൈപ്പിസ്റ്റ് എന്നിവരുടെ സീനിയോറിറ്റി ക്രമ നമ്പർ യഥാക്രമം 24, 25 ആയി താഴ്ത്തിയും പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിൽ ഇപ്രകാരം ഭേദഗതി വരുത്തിയും ഇതിനാൽ ഉത്തരവാകുന്നു.

I/184820/2024

Signed by
Beena P S
Date: 22-02-2024 20:33:00

BEENA P S
SENIOR ADMINISTRATIVE OFFICER

<u>പകർപ്പ്</u>

1) എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
2) ഡയറക്ടറുടെ നേരിട്ട് നിയന്ത്രണത്തിൻ കീഴിലുള്ള എല്ലാ ഓഫീസ് മേധാവികൾക്കും
3) ഡെപ്യൂട്ടി ഡയറക്ടർ (ഐ റ്റി സെൽ) കൃഷി ഡയറക്ടറേറ്റ്,
(വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)